**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **07-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉല്പന്ന വൈവിധ്യവൽക്കരണം, സാങ്കേതിക വിദ്യയുടെ ആധുനികവൽക്കരണം എന്നിവയിലൂടെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന വിപുലീകരണം, ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയുണ്ടായി.<br>• സാങ്കേതിക മേഖലകളിലും ബിസിനസ്സ് മേഖലകളിലും മാറി വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി ഉത്പാദന സൗകര്യങ്ങൾ വിപുലീകരിച്ച് ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെയും വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ പുതിയതായി നിർമ്മിക്കുന്നതിന്റേയും ആവശ്യകതയും ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് അടുത്ത പത്ത് വർഷ കാലയളവിലെ പ്രവർത്തനങ്ങൾ മുന്നിൽകണ്ട് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സമർപ്പിച്ചിട്ടുള്ള അതത് പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകൾ വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളിൽമേൽ കമ്പനികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായും, വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് റിയാബിന്റെ നിയന്ത്രണത്തിൽ ഒരു സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് സ.ഉ.(സാധാ)നം.1/2022/ വ്യവ. തീയതി, 01.01.2022 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>• മാസ്റ്റർപ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനുമായി പ്രസ്തുത എക്സ്പെർട്ട് ഗ്രൂപ്പിന്റെ അഡ്വൈസറായി ഒരു വിദഗ്ധനെയും റിയാബിന്റെ ഭാഗമായി നിയോഗിച്ചിട്ടുണ്ട്.<br>• സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ വിലയിരുത്തി വരുന്നു. |
| (ബി) | പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന വിപുലീകരണം, ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയുണ്ടായി.<br>• സാങ്കേതിക മേഖലകളിലും ബിസിനസ്സ് മേഖലകളിലും മാറി വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി ഉത്പാദന സൗകര്യങ്ങൾ വിപുലീകരിച്ച് ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെയും വിപണന |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള ഉത്പന്നങ്ങൾ പുതിയതായി നിർമ്മിക്കുന്നതിന്റേയും ആവശ്യകതയും ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ട് അടുത്ത പത്ത് വർഷ കാലയളവിലെ പ്രവർത്തനങ്ങൾ മുന്നിൽകണ്ട് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>• മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സമർപ്പിച്ചിട്ടുള്ള അതത് പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകൾ വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളിൽമേൽ കമ്പനികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായും, വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് റിയാബിന്റെ നിയന്ത്രണത്തിൽ ഒരു സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് സ.ഉ.(സാധാ)നം.1/2022/ വ്യവ. തീയതി, 01.01.2022 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>• മാസ്റ്റർപ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനുമായി പ്രസ്തുത എക്സ്പെർട്ട് ഗ്രൂപ്പിന്റെ അഡ്വൈസറായി ഒരു വിദഗ്ധനെയും റിയാബിന്റെ ഭാഗമായി നിയോഗിച്ചിട്ടുണ്ട്.<br>• സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ വിലയിരുത്തി വരുന്നു. |
| (സി) | സാങ്കേതികവിദ്യ, വിപണനം എന്നീ കാര്യങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് | (സി) | നിലവിൽ പല പൊതുമേഖലാ സ്ഥാപനങ്ങളും ദേശീയ അംഗീകാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ; | | ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ഉൽപാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവൽകരണ, വൈവിധ്യവൽകരണ പദ്ധതികൾ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് മേഖലകളിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ വരുത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്ത് വരുന്നുണ്ട്.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേകം അവലോകനം ചെയ്ത് വരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | • വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br>• വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ